# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 217*

09.03.2018-ലെ മറുപടി

### കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ<br>,, എസ്.ശർമ്മ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എ.എൻ.ഷംസീർ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) ജലം പൊതുസ്വത്ത് എന്നതിനു പകരം വിലകൊടുത്തു വാങ്ങേണ്ട ചരക്കായി പരിഗണിക്കുന്ന കേന്ദ്രനയത്തിന്റെ സ്ഥാനത്ത് ഗുണനിലവാരമുള്ള കുടിവെള്ളം ഓരോ പൗരന്റെയും അവകാശമാക്കിത്തീർക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കുടിവെള്ളം ഒരു സേവന മേഖലയായി പരിഗണിച്ച് സബ്സിഡയിസ്ഡ് നിരക്കിലാണ് ഇപ്പോൾ കുടിവെള്ളം നൽകുന്നത്. പൊതുടാപ്പുകളിൽ കൂടി വിതരണം ചെയ്യുന്ന കുടിവെള്ളം ഏതൊരു പൗരനും വിലകൊടുക്കാതെ ഉപയോഗിക്കാവുന്നതാണ്. ഇതുകൂടാതെ മിതമായ വെള്ളക്കരം ഒടുക്കി ഗാർഹിക കണക്ഷനുകളും, ബി.പി.എൽ വിഭാഗത്തിൽ ദ്വൈമാസം 15 കിലോ ലിറ്റർ ജലം സൗജന്യമായും നൽകുന്നുണ്ട്.<br><br>കേരളത്തിലെ എല്ലാ പൗരൻമാർക്കും കുടിവെള്ളമെത്തിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ വർഷന്തോറും ബഡ്ജറ്റിൽ കുടിവെള്ള പദ്ധതികൾക്കായി തുക വകയിരുത്തുന്നു. 2016-17 ൽ 672.50 കോടി രൂപ, 2017-18 ൽ 678.85 കോടി രൂപ 2018-19 ൽ 776.43 കോടി രൂപ വിവിധ കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിൽ കുറവുവന്നതു കാരണം കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതികൾ പ്രാവർത്തികമാക്കാനായി എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയ്ക്കുള്ള കേന്ദ്ര സഹായത്തിൽ കുറവു വന്നതു കാരണം കേരള വാട്ടർ അതോറിറ്റി കേന്ദ്ര സഹായത്തോടെ ഏറ്റെടുത്ത പദ്ധതികളുടെ നിർവ്വഹണത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഏറ്റെടുത്ത പദ്ധതികളുടെ പൂർത്തിയായ പ്രവൃത്തികൾക്ക് നൽകുവാനുള്ള ബിൽ തുക മുടങ്ങിയ വകയിൽ കരാറുകാർക്ക് ഏകദേശം 200 കോടി രൂപ കുടിശ്ശിക നൽകുവാനുണ്ട്. കരാറുകാർ കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് മടിക്കുന്നത് കാരണം |

പദ്ധതികൾ പൂർത്തിയാക്കി ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുള്ള കേന്ദ്രസഹായത്തിലുണ്ടായ കുറവുകാരണം 55 ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം നിർത്തി വച്ചിരിക്കുകയാണ്. ഇപ്രകാരം നിർത്തിവച്ച പദ്ധതികൾ അനുയോജ്യമായ മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസിയിൽ നിന്നും ഫണ്ട് ഉറപ്പാക്കുന്നമുറയ്ക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നു.

കേന്ദ്രസഹായത്തിലെ കുറവ് നികത്തുന്നതിലേയ്ക്കായി 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ NRDWP പദ്ധതികൾക്കായി പുതുക്കിയ ശീർഷകത്തിൽ അധികമായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) എല്ലാ വീട്ടിലും പൈപ്പ് വഴി കുടിവെള്ളം എത്തിക്കുക എന്ന കേരള വാട്ടർ അതോറിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാനായി ലോക ബാങ്കിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ സഹായമോ വായ്പയോ ലഭിക്കുന്നുണ്ടോ;

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ കുടിവെള്ളപദ്ധതികൾക്കായി കേന്ദ്ര സർക്കാരിന്റെ ധനസഹായം കഴിഞ്ഞ വർഷങ്ങളെക്കാൾ കുറഞ്ഞതോതിൽ ലഭിക്കുന്നുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ഡി) 2016-17 ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതി തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു.

എല്ലാ വർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകുവാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതു വഴി വരുമാന വർദ്ധനവ് ഉദ്ദേശിക്കുന്നു.

വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2016-17 സാമ്പത്തിക വർഷം മുൻ വർഷത്തേക്കാൾ 67

കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുത്തു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ